# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -2993 | 20.03.2015- ൽ മറുപടിക്ക്

## നെയ്യാറ്റിൻകരയിലെ റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. സെൽവരാജ്** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഏതെല്ലാം റോഡുപണികൾക്കാണ് ഭരണാനുമതി നൽകിയതെന്നും അവയിൽ ഏതെല്ലാം റോഡുകൾ പണി പൂർത്തീകരിച്ചുവെന്നുമുള്ള വിവരം പേരും തുകയും തിരിച്ച് ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലും ദേശീയപാതാ വിഭാഗത്തിന്റെ കീഴിലും പണി പൂർത്തീകരിച്ചതും ഭരണാനുമതി നൽകിയതുമായ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു: |

### 1) നിരത്തുകളും പാലങ്ങളും വിഭാഗം

ബഡ്ജറ്റ് പ്രവൃത്തികൾ

| | | |
|---|---|---|
| (1) വ്ലാത്താങ്കര - ആവണക്കിൻവിള റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 1,05,00,000/- രൂപ | പണി പൂർത്തീകരിച്ച പ്രവൃത്തികൾ |
| (2) ഉച്ചക്കട- പൊഴിയൂർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 65,00,000/- രൂപ | |
| (3) പാഞ്ചിക്കാട്- അരുവിപ്പുറം റോഡ് | 2,45,00,000/- രൂപ | |

ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ :

1. മുള്ളറവിള കരിപ്രക്കോണം റോഡ് 40mm cc. കി.മീ. 0/000 മുതൽ 1/000 വരെ - 25 ലക്ഷം
2. ഇളവനിക്കര റോഡ് 40 mm cc കി.മീ. 0/000 മുതൽ 0/800 വരെ - 50 ലക്ഷം
3. മണികെട്ടിമാവിള – നല്ലൂർവട്ടം അരിവെല്ലൂർ ക്ഷേത്രം റോഡ് കി.മീ. 0/000 മുതൽ 1/850 വരെയും കി.മീ 2/850ഉം - അഭിവൃദ്ധിപ്പെടുത്തൽ 50 ലക്ഷം
4. നെയ്യാറ്റിൻകര – പൂവാർ റോഡ്- കി.മീ. 4/800 മുതൽ 5/200 വരെ അഭിവൃദ്ധിപ്പെടുത്തൽ - 75 ലക്ഷം

## 2) ദേശീയപാതാ വിഭാഗം

| | | | |
|---|---|---|---|
| ഉദിയൻകുളങ്ങര -പ്ലാമൂട്ടുകട -പാറോട്ടുകോണം- ചെങ്കവിള, പ്ലാമൂട്ടുകട ഇടിച്ചക്കപ്ലാമൂട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (NH 47) | 12 കോടി | കേന്ദ്ര റോഡ് ഫണ്ട് | പണി പുരോഗമിക്കുന്നു |
| അന്തിയിറക്കം പരശുവൈക്കൽ (NH 66)(പഴയ NH 47) ചെയിനേജ് കി.മി. 570/200 മുതൽ 575/700 വരെ ഒഴികെ (നെയ്യാറ്റിൻകര മണ്ഡലത്തിലൂടെ കടന്നു പോകുന്നത്) കി.മി. 569/000 മുതൽ 593/500 വരെ അഭിവൃദ്ധിപ്പെടുത്തൽ | 16.33 കോടി | കേന്ദ്ര ഫണ്ട് നോൺ പ്ലാൻ | |

| | |
|---|---|
| (ബി) ഭരണാനുമതി നൽകിയതിൽ ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിക്കാനുള്ളത്; പ്രസ്തുത പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ? | (ബി) പാലച്ചിക്കാട്- അരുവിപ്പുറം റോഡ്, നെയ്യാറ്റിൻകര – പൂവാർ റോഡ് കി.മി. 4/800 മുതൽ 5/200 വരെ അഭിവൃദ്ധിപ്പെടുത്തൽ എന്നി പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകാത്തതിനാൽ ടി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ